"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - അധിക ചുമതല വഹിച്ച കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1995/2026/ധന** **തീയതി, തിരുവനന്തപുരം, 26/02/2026**

പരാമർശം :-
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01/08/2025-ലെ ഡി.കെ.എസ്.എ.10 എസ്റ്റാ1/2025(1) നമ്പർ നടപടിക്രമം.
2. 19/08/2025 തീയതിയിലെ സ.ഉ(സാധാ)നം. 6768/2025/ധന
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19/11/2025-ലെ ഡി.കെ.എസ്.എ.10/എസ്റ്റ1/2025(9) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ഓഫീസ് മേധാവിയും ജോയിന്റ് ഡയറക്ടറുമായിരുന്ന ശ്രീ. ശശികുമാർ എം പി 31.07.2025 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. റഫി ജോൺ-ന് തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രസ്തുത നടപടിക്ക് പരാമർശം (2) പ്രകാരം സാധൂകരണം നൽകി ഉത്തരവായിരുന്നു. ശ്രീ. റഫി ജോൺ-ന് തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. റഫി ജോൺ-ന് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A II (c), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച 01.08.2025 മുതൽ 11.09.2025 കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. റഫി ജോൺ, ഡെപ്യൂട്ടി ഡയറക്ടർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ 3347917/എസ്റ്റാ -ഡി4/167/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ